**ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട വനിത ശിശുവികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 22/10/2020 ന് ചേർന്ന യോഗ നടപടിക്കുറിപ്പ്.**

യോഗം 10.00 ന് ആരംഭിച്ചു. യോഗത്തിൽ KSWDC പ്രതിനിധികൾ,തിരുവനന്തപുരം WPO, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു . ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കേസുകൾ സംബന്ധിച്ചും, മിത്ര 181 വഴി WPO ക്ക് കൈമാറുന്ന കേസുകളിൽ അവരുടെ പ്രവർത്തനം സംബന്ധിച്ചും മീറ്റിംഗിൽ ചർച്ച ചെയ്തു. ചർച്ചകൾക്കും വിലയിരുത്തലുകൾക്കുംശേഷം ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. DV Case കൾ കൂടുതലായി 181 ഹെൽപ്പ് ലൈൻ വഴി ലഭ്യമാക്കുവാൻ വേണ്ടി കൂടുതൽ പബ്ലിസിറ്റി നൽകണം. പോസ്റ്റർ കൂടാതെയുള്ള പ്രചരണം വ്യാപകമാക്കണം .(നടപടി:KSWDC & WCD)
2. വകുപ്പ് പ്രസിദ്ധീകരിക്കുന്ന കൈപുസ്തകങ്ങളിൽ മിത്ര ഹെല്പ് ലൈൻ നമ്പർ ഉൾപ്പെടുത്താവുന്നതാണ്. (നടപടി: WCD)
3. DV Case കൾ software -ൽ update ചെയ്യുന്നതിനോടൊപ്പം ഒരു drop down box തയ്യാറാക്കേണ്ടതും, അതിൽ നിന്നും ഏത് ഏജൻസികൾ വഴിയാണ് DV കേസുകൾ തീർപ്പാക്കിയതെന്ന് അറിയാൻ സാധിക്കുന്ന തരത്തിൽ updation ജനുവരി 2021 -ന് മുമ്പ് നടത്തേണ്ടതാണ്. (നടപടി:KSWDC)
4. WPO യ്ക്ക് 181 -ൽ നിന്നും കിട്ടുന്ന കേസുകളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നുണ്ട്. DV കേസുകളുടെ ഇരട്ടിപ്പ് ഒഴിവാക്കാനായി ഓരോ കേസുകൾ WPO യ്ക്ക് കൈമാറുമ്പോൾ കേസിന്റെ ID, ലഘു വിവരണം എന്നിവ കൂടി മെസേജ് വഴി കൈമാറേണ്ടതാണ്. .(നടപടി:KSWDC)

5. DV കേസുകൾ software -ൽ update ചെയ്യുമ്പോൾ സീനിയർ സിറ്റിസൺ എന്ന ഒരു option കൂടെ കൊണ്ടുവരേണ്ടതാണ്. (നടപടി:KSWDC)
6. POCSO കേസുകൾ പോലീസിനു കൈമാറേണ്ടതും, വിശദാംശങ്ങൾ DCPU ,ചൈൽഡ് ലൈൻ എന്നിവയ്ക്കും കൈമാറേണ്ടതാണ്. (നടപടി:KSWDC)
7. OSC കൾ സ്ഥിരമായി നമ്പർ മാറുകയും, ആവശ്യങ്ങൾക്കു വിളിക്കുമ്പോൾ കിട്ടാത്തതുമായ സാഹചര്യമായതിനാൽ OSC കൾക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും മൊബൈൽ ഫോൺ അത്യാവശ്യമായി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. (നടപടി:നിർഭയ)
8. OSC യുടെ response വരും മാസങ്ങളിൽ നോക്കിയിട്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്. (നടപടി:KSWDC)
9. DV ക്ക് ഇരയാകുന്ന കുട്ടികൾക്ക് 'മിത്ര' വഴി കൗൺസിലിംഗ് നൽകുമ്പോൾ വളരെ കരുതലോടെയാവണം കുട്ടികളെ കൈകാര്യം ചെയ്യേണ്ടത് .
10. WPO മാരെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ ചിലരുടെ പ്രതികരണം മോശമാണെന്ന് KSWDC അറിയിച്ചു. (follow up-WCD,feed back:KSWDC)
11. DV കേസുകൾ കൈമാറുന്നതിനായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ പല WPO മാരും ഫോൺ എടുക്കാറില്ലായെന്നും, , ഭൂരിഭാഗം WPO മാരും ഓഫീസ് സമയം കഴിഞ്ഞും, അവധി ദിവസങ്ങളിലും ഫോൺ എടുക്കാറില്ലായെന്നും, കോവിഡ് കാലത്ത് ചിലർ തീരെ ഫോൺ എടുക്കാറില്ലായിരുന്നു എന്നും KSWDC -ൽ നിന്നും അറിയിച്ചു. (നടപടി: WCD)
12. കൊല്ലം, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, ഇടുക്കി WPO മാരെ വിളിച്ചാൽ ഫോൺ കിട്ടാറില്ലായെന്ന് KSWDC അറിയിച്ചു. എറണാകുളം WPO യെ ഫോൺ മുഖേന കിട്ടുന്നില്ലായെങ്കിലും, പ്രവർത്തനം നിലവാരം ഉള്ളതാണെന്നും KSWDC അഭിപ്രായപ്പെട്ടു. (നടപടി: WCD)

13. തിരുവനന്തപുരം, കൊല്ലം WPO മാർ അടുത്തകാലത്തായി നല്ല പ്രതികരണമാണ് എന്നും KSWDC അറിയിച്ചു.
14. പത്തനംതിട്ട, ഇടുക്കി WPO മാരെ അടിയന്തിരമായി മീറ്റിംഗിനായി വിളിക്കേണ്ടതാണ്. (നടപടി: WCD)
15. എല്ലാ മാസവും WPO, DCPU, OSC എന്നിവരുടെ ~~പക്കൽ നിന്നും~~ report വാങ്ങേണ്ടതാണ്. (181 യിൽ നിന്നും റഫർ ചെയ്ത കേസുകളുടെ വിവരം) (നടപടി: WCD)
16. KSWDC യിൽ നിന്നും ഇവർക്ക് നൽകുന്ന കേസുകളുടെ monthly report ഉം ലഭ്യമാക്കേണ്ടതാണ്. (നടപടി:KSWDC)
17. DV കേസുകളുടെ ഇരട്ടിപ്പ് തടയാൻ, DV കേസുകളുമായി ബന്ധപ്പെട്ട വ്യക്തികളുടെ ആധാർ കൂടി upload ചെയ്യേണ്ടതാണ്. (നടപടി:KSWDC)

യോഗം 11.45 ന് അവസാനിച്ചു.

വനിത ശിശു വികസനയറക്ടർക്കുവേണ്ടി

പകർപ്പ്:
ബന്ധപ്പെട്ടവർക്ക്